# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1509.

12-06-2019 ൽ മറുപടിയ്ക്ക്

## റൈസ് ബയോപാർക്ക് പദ്ധതി

**ചോദ്യം**

ശ്രീ.ആർ. രാജേഷ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലപ്പുഴയിൽ പ്രഖ്യാപിച്ച റൈസ് ബയോപാർക്ക് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) & (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആലപ്പുഴയിൽ പ്രഖ്യാപിച്ച റൈസ് ബയോപാർക്ക് മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ സ്ഥാപിക്കുവാൻ ആണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ പ്രാവർത്തികമായിട്ടില്ല. റൈസ് ബയോപാർക്ക് എന്ന സംവിധാനം ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത് നെല്ലിന്റെ മൂല്യവർദ്ധനവിലൂടെയുള്ള വരുമാന വർദ്ധനവിനാണ്. മൂന്ന് ഘട്ടങ്ങളിലായുള്ള നെല്ലിന്റെ മൂല്യവർദ്ധനവാണ് ഉദ്ദേശിച്ചിരുന്നത്. ആദ്യഘട്ടത്തിൽ നെല്ല് അരിയാക്കുന്ന സാധാരണ പ്രക്രിയയും രണ്ടാം ഘട്ടത്തിൽ അരിപ്പൊടി, തവിടെണ്ണ മുതലായവ ഉൽപ്പാദിപ്പിക്കുവാനും ആണ് ഉദ്ദേശിച്ചിരുന്നത്. മൂന്നാംഘട്ടത്തിൽ പെട്ടെന്ന് വേവുന്ന അരി, ഉപ്പേരികൾ, എണ്ണ നീക്കം ചെയ്ത തവിടിൽ നിന്നും കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഉൽപാദനം ഇവ ലക്ഷ്യമിട്ടിരുന്നു. കേരള കാർഷിക സർവ്വകലാശാലയെ-യാണ് റൈസ് ബയോപാർക്കിന്റെ നോഡൽ ഏജൻസിയായി പ്രഖ്യാപിച്ചിരുന്നത്. ഏകജാലക സംവിധാനത്തിലൂടെ വിവിധ വകുപ്പുകൾ, വായ്പാ സംവിധാനങ്ങൾ, കർഷകർ, കമ്പനികൾ എന്നിവയെ ഏകോപിപ്പിക്കുവാനും ആശയം ഉണ്ടായിരുന്നു. അടിസ്ഥാന സൗകര്യവികസനം, ജലവിതരണ സംവിധാനങ്ങൾ തയ്യാറാക്കൽ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ഗുണമേൻമ പരിശോധന/നിയന്ത്രണ സംവിധാനങ്ങൾ, പരിശീലനങ്ങൾ തുടങ്ങിയവയുള്ള പദ്ധതിയാണ് ലക്ഷ്യമിട്ടിരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഓണാട്ടുകരയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ